ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ഏറ്റവും നല്ലതു ആഗ്രഹിക്കുക"

"അനുസരണം എന്ന യാഗം"

(തിരുവചന ചിന്തകൾ)

DECEMBER
2023

CONTENTS

- **തിരുവചന ചിന്തകൾ** :
  "**ഏറ്റവും നല്ലതു ആഗ്രഹിക്കുക** ". Page - 03

- **തിരുവചന ചിന്തകൾ** :
  "**അനുസരണം എന്ന യാഗം** ". Page - 11

- **പാട്ടും അനുദിന ചിന്തയും**
  ‘തന്നാലും നാഥാ ആത്മാവിനെ...’ Page - 14

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ**. Page - 18

"ഏറ്റവും നല്ലതു ആഗ്രഹിക്കുക "

തിരുവചന ചിന്തകൾ

എബ്രായർ 11 : 16

അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.

'കിട്ടാവുന്നതിലും വച്ച് ഏറ്റവും നല്ലതു വേണം' എന്ന് ആഗ്രഹിക്കുന്നവരാണ് മനുഷ്യരിൽ ഭൂരിഭാഗവും. അതിനായി കയ്യിലിരിക്കുന്നത് കുറെയൊക്കെ ചിലവാക്കിയാലും സാരമില്ല, 'കിട്ടുന്നെങ്കിൽ ഏറ്റവും നല്ലതു തന്നേ വേണം'. ഈ ചിന്ത ജീവനുള്ള മനുഷ്യരിൽ സർവ്വസാധാരണവും പ്രായോഗിക തലത്തിൽ ശ്രേദ്ധേയവുമാണ്. കാരണം, ഇത് എല്ലാ മനുഷ്യരിലും അന്തർലീനമായ ഒരു ആവശ്യവും ആവേശവുമാണ് . എല്ലാ വിഷയങ്ങളിലും ഇത് ഒരേപോലെ സംഭവ്യവുമാണ്.

ഇതേ ചിന്തയുടെ മറ്റൊരു തലമാണ് മക്കൾക്കു ഏറ്റവും നല്ലതു അല്ലെങ്കിൽ തന്റെ പ്രിയപ്പെട്ടവർക്ക് ഏറ്റവും നല്ലതു കരുതുക / കൊടുക്കുക എന്നൊക്കെയുള്ളത്. എല്ലാറ്റിന്റെയും സാരം ഒന്ന് തന്നേ, 'നല്ലതു ലഭിക്കണം'.

ഈ ചിന്ത ഒരു രീതിയിലും മോശമല്ല. കാരണം , ഈ ഭൂമിയിൽ കിട്ടാവുന്നതിൻറെ ഏതാണ്ട് ഏറെക്കുറെ കാര്യങ്ങളെക്കുറിച്ചു മനുഷ്യൻ ബോധവാനാണെന്നുവേണം കരുതാൻ. കാരണം, താരതമ്യം ചെയ്യുവാനും ആ താരതമ്യ പഠനത്തിലൂടെ നല്ലതെന്നു താൻ കണ്ടെത്തുന്നതിലേക്കു യാത്രചെയ്തു അത് കൈവശമാക്കുവാനും മനുഷ്യന് ഇന്ന് കഴിയുന്നുണ്ട്. കാലചക്രം മുൻപോട്ടു കറങ്ങുമ്പോൾ മേല്പറഞ്ഞ പഠനങ്ങളും നല്ലത് ഏതെന്നു എന്നുമുള്ള അപഗ്രഥനങ്ങളും മനുഷ്യന് നൊടിയിടയിൽ കണ്ടുപിടിക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ മനുഷ്യസമൂഹം ഏറെ പുരോഗതി കൈവരിച്ചുകഴിഞ്ഞു. മുൻപ് സൂചിപ്പിച്ചപോലെ നല്ലതിനായി ഇപ്പോൾ മനുഷ്യർ കാത്തിരികുകയല്ല മറിച്ചു, തന്റെ മുൻപിലുള്ള സമയത്തെ കുറച്ചുകൊണ്ട് നല്ലതിനെ വേഗത്തിൽ കൈവശമാക്കുവാൻ അവൻ പഠിച്ചുകഴിഞ്ഞു.

ഇനി നമുക്ക് എബ്രായർ 11 : 16 ൽ പറഞ്ഞിരിക്കുന്ന വചനചിന്തയിലേക്ക് വരാം. ദൈവത്തിലുള്ള വിശ്വാസത്തിൽ സ്വന്തം ജീവിതത്തെ ദൈവത്തിങ്കലേക്കു ഏല്പിച്ചു-കൊടുത്ത വിശ്വാസവീരന്മാർ (എബ്രായർ അദ്ധ്യായം 11), എപ്രകാരമാണ് വിശ്വാസവീരന്മാരായിത്തീർന്നത്?

നാം ഇന്ന് കാണുന്ന ആത്മീയ സത്യങ്ങൾ അവർ കേൾക്കുകയായിരുന്നില്ല മറിച്ചു, ദൈവത്തിൽനിന്നും സ്വന്തജീവിതത്തിൽ അനുഭവിക്കുകയായിരുന്നു ചെയ്തത്. ആധുനികകാലത്തെ മനുഷ്യന് ദൈവത്തിൽ വിശ്വസിക്കുവാനും ദൈവത്തെ അംഗീകരിക്കുവാനും തെളിവുകളാണ് ആവശ്യമായിരിക്കുന്നതെങ്കിൽ, കഴിഞ്ഞകാലങ്ങളിലെ ഈ വിശ്വാസവീരന്മാർ തെളിവുകൾക്കായി ഏല്പിച്ചുകൊടുത്തത് സ്വന്തം ജീവിതം തന്നേയായിരുന്നു. അതായതു, ജീവിതത്തിൽ ദൈവത്തെ നാം അനുഭവിക്കുന്നതിനേക്കാൾ അപ്പുറമായി മറ്റൊരു അനുഭവവും ഈ ഭൂമിയിൽ മനുഷ്യന് ഒരുനാളും ലഭ്യമായിരിക്കുകയില്ല.

ദൈവം ഉണ്ടെന്നും ആ ദൈവം സത്യദൈവമാണെന്നും ആ ദൈവത്തിനു മനുഷ്യരെ അവരുടെ പാപങ്ങളിൽനിന്നും വീണ്ടെടുത്തുകൊണ്ടു, യേശുക്രിസ്തുവിലൂടെ തന്റെ മക്കളാക്കുവാൻ അധികാരമുണ്ടെന്നും, ആ മക്കളിലൂടെ ദൈവം, പിതാവെന്ന സ്ഥാനത്തിനുടമയായി, സൽപ്രവൃത്തി-ക്കായും ദൈവഹിതത്തിനായും സ്വന്തമക്കളെ പരിശുദ്ധാത്മാവിൽ ശക്തിപ്പെടുത്തുമെന്നും, അപ്രകാരം ശുദ്ധീകരിക്കപ്പെട്ട, ശക്തീകരിക്കപ്പെട്ട ദൈവമക്കൾ മരണത്തിനപ്പുറമുള്ള നിത്യരാജ്യത്തിനായി കാത്തിരിക്കേണ്ടവരാണെന്നുമുള്ള ബോധ്യം വേഗത്തിൽ വേരുപിടിക്കുന്നതു സ്വന്തം ജീവിതത്തിൽ യേശുവിനെ അനുഭവിച്ചവർക്കും അനുഭവിക്കാൻ ആഗ്രഹിക്കുന്നവർക്കുമായിരിക്കും ലഭിക്കുക. വിശ്വാസവീരന്മാരുടെ ബുദ്ധിയിലല്ല, ജീവിതത്തിലൂടനീളം അനുഭവത്തിലൂടെയാണ് ദൈവത്തിലുള്ള വിശ്വാസം വളർന്നുവന്നത്. ഏതെങ്കിലുമൊരു തെറ്റായ ചിന്തയുടെ കരുത്തിൽ ഏതെങ്കിലുമൊക്കെ ചിലർ കാട്ടിക്കൂട്ടിയ അപരിഷ്കൃതമായ പ്രവൃത്തികളായിരുന്നു 'ഇവ'യെങ്കിൽ ആ പട്ടിക അതിൽത്തന്നെ ഒതുങ്ങുമായിരുന്നു. എന്നാൽ എബ്രായർ 11 ൽ പറയുന്ന വിശ്വാസവീരന്മാർ പല കാലഘട്ടങ്ങളിലും ജീവിച്ചിട്ടും ഒരു ചരടിലെ മുത്തുകളെന്നപോലെ ചേർന്നുവന്നവരായിരുന്നു. അത് അവരുടെ കാഴ്ചപ്പാടിന്റെ ഐക്യതയായിരുന്നില്ല പ്രത്യുത അവരെ വിളിച്ച ദൈവത്തിന്റെ ശക്തിയാലും തേജസ്സിനാലുമായിരുന്നു.

ദൈവീക അനുഭവങ്ങൾക്കായുള്ള ഇവരുടെ ആഗ്രഹങ്ങൾ ഒരു നിമിഷത്തിൽ തുടങ്ങി അടുത്ത നിമിഷത്തിൽ അവസാനിക്കുന്നവ ആയിരുന്നില്ല, കാരണം അവർ ആഗ്രഹിക്കുന്നതിന്റെ മൂല്യം അവർക്കു തങ്ങളിൽനിന്നുതന്നെ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു. പൂർണഹൃദയത്തിയോടെ ദൈവത്തെ അന്വേഷിക്കുന്ന ഏവർക്കും എക്കാലത്തും ദൈവത്തെ അനുഭവിക്കാനാവും.

ഇന്ന് നമുക്കുള്ളതുപോലെ എല്ലാവിധമായ അല്ലലും അലച്ചിലും വിശപ്പും ദാഹവും പരിമിതികളും പ്രയാസങ്ങളും, ഇവരും തങ്ങളുടേതായ ജീവിത സാഹചര്യങ്ങളിൽ അനുഭവിച്ചിരുന്നു. എന്നാൽ ആ സാഹചര്യങ്ങളെ ജയിക്കുവാൻ അവർ ദൈവത്തിൽ ആശ്രയിക്കുകയും വിജയിക്കുകയും ചെയ്തു. എല്ലാവിധമായ ശോധനകളിലൂടെയും അവർ കടന്നപ്പോൾ അവയെല്ലാം തുറക്കുവാനുള്ള താക്കോലുകൾ അവർ ദൈവമുഖത്തു അന്വേഷിക്കുകയും അവർക്കതു ലഭിക്കുകയും ചെയ്തു. അവരെ തളർത്തിക്കളയുവാൻ കയറിവന്ന മടുപ്പുകളെയെല്ലാം ഒരു പുതപ്പുപോലെ മാറ്റിക്കളയുവാൻ അവർ ദൈവത്തോട് ശക്തിയെ ചോദിക്കുകയും അവരുടെമേൽ ദൈവശക്തി പകരപ്പെടുകയും ചെയ്തു. ആവശ്യഭാരങ്ങൾ അവരുടെമുൻപിൽ എറിയപ്പോഴൊക്കെയും അവർ ദൈവത്തോടുകൂടെ നടക്കുകയും തങ്ങളുടെ ആവശ്യങ്ങളിൽ ദൈവത്തെ കാണുകയും ചെയ്തു. മനുഷ്യർ അവരെ വിധിക്കുകയും തോൽപ്പിക്കുകയും ചെയ്തപ്പോൾ യുദ്ധത്തിനൊരുമ്പെടാതെ ദൈവത്തിനായി കാത്തിരിക്കുകയും ദൈവം അവരെ നേർനിലത്തിൽ നടത്തുകയും ചെയ്തു. വാസ്തവത്തിൽ, അവർ നമ്മളെക്കാൾ ക്ഷീണിതരായിരുന്നു, നമ്മെക്കാൾ തോൽവികൾ ഏറ്റുവാങ്ങിയവരായിരുന്നു എന്നാൽ അവർ തങ്ങൾക്കു ലഭിച്ച എല്ലാം ദൈവത്തോട് പങ്കുവയ്ക്കുവാൻ എല്ലായ്പ്പോഴും ഒരുങ്ങിയിരുന്നതുകൊണ്ടു സാത്താൻ അവരെ ജയിക്കുവാൻ ദൈവം അനുവദിച്ചില്ല. നോക്കുക, ദൈവത്തിലുള്ള വിശ്വാസം എപ്രകാരം മനുഷ്യരെ അസാധാരണ നിലകളിലേക്കു നടത്തുന്നു. അപ്രകാരം അനേക ദിവസങ്ങളും മാസങ്ങളും വർഷങ്ങളും വിശ്വാസത്തോടെ അവർ ദൈവത്തോടുകൂടി നടന്നുനീങ്ങികൊണ്ടേയിരുന്നു. അവർ മനുഷ്യർ ആവശ്യപ്പെട്ട വിശ്രമത്തോട് വിസമ്മതവും ദൈവം ആവശ്യപ്പെട്ട വിശ്രമത്തോടു സമ്മതവും എടുത്തു പോന്നു. കലഹങ്ങളിൽ ഒഴിയുവാൻ ദൈവം അവർക്കു ജ്ഞാനം കൊടുത്തു, അങ്ങനെ അവർ തങ്ങളുടെ സമയത്തെ ദൈവത്തിനായി ലാഭിച്ചു.

മത്സരങ്ങളിൽ അവരുടെ ഹൃദയം വശപ്പെട്ടില്ല, കാരണം ദൈവം അവരിൽ സംതൃപ്തി അയച്ചുകൊണ്ടേയിരുന്നു. ദൈവത്തെ ചോദ്യം ചെയ്യാൻ അവർ തുനിഞ്ഞില്ല, കാരണം അവർ ദൈവത്തിൽനിന്നും എപ്പോഴും കേൾക്കുന്നതിൽ ആനന്ദിച്ചിരുന്നു. അവർ ദൈവത്തിനായി ചിന്തിക്കുവാൻ ആഗ്രഹിച്ചു, കാരണം ദൈവം അവരെ തന്റെ വേലക്കായി തിരഞ്ഞെടുത്തു എന്ന ഉൽബോദ്ധ്യം അവരെ എപ്പോഴും ചൂടുപിടിപ്പിച്ചുകൊണ്ടിരുന്നു. അവർ തങ്ങളുടെ സംശയങ്ങൾ ദൈവത്തോട് ചോദിക്കുകയും ദൈവം അവർക്കു സ്വർഗ്ഗീയ ശബ്ദം കേൾപ്പിക്കുകയും ചെയ്തു. അവർ മരണത്തെ ഭയപ്പെട്ടില്ല, കാരണം നിത്യജീവന്റെ ചിന്ത എപ്പോഴും അവരെ ഭരിച്ചിരുന്നു.

ആദ്യമേ ചിന്തിച്ചതുപോലെ, ഏറ്റവും നല്ലത് തങ്ങൾക്കും ലഭിക്കണമെന്ന് വിശ്വാസവീരന്മാർ ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു വ്യത്യാസം മാത്രം. അവർ ആഗ്രഹിച്ചത്, ഒരു മനുഷ്യന് സ്വന്തബുദ്ധിയിൽ, ഭൂമിയിൽനിന്നും ആഗ്രഹിക്കാൻ കഴിയുന്നതിനപ്പുറമായ "സ്വർഗ്ഗീയമായ നന്മ" ആയിരുന്നു.

സ**ങ്കീർത്തനങ്ങൾ** 4 : 6 - 7
6 **നമുക്കു ആർ നന്മ കാണിക്കും എന്നു പലരും പറയുന്നു; യഹോവേ, നിന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ ഉദിപ്പിക്കേണമേ.**
7 **ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുന്നു.**
8 **ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നതു.**

നോക്കുക, ദൈവത്തിൽനിന്നും ജീവിക്കാൻ ആവശ്യമായ സകലവും (ധാന്യവും വീഞ്ഞും) നേടിയിട്ടും അവ ആസ്വദിച്ചിട്ടും അതിൽ സന്തോഷിച്ചിട്ടും, അവയിലൊന്നും ലഭിക്കാതെയിരുന്ന ഒരു 'സന്തോഷം' കേവലം മാനുഷിക ഹൃദയത്തിലെ സന്തോഷമല്ല, അതായിരുന്നുവെങ്കിൽ സകലവും ലഭിച്ചതിനേക്കാൾ 'വലിയ സന്തോഷം' എന്ന് ഈ സന്തോഷത്തെക്കുറിച്ചു അവർ പറയുകയില്ലായിരുന്നു. അപ്പോൾ ആ 'സന്തോഷം' എന്നത് ഈ ഭൂമിയിലേക്കാൾ അപ്പുറമായ ഒരു 'സ്വർഗ്ഗീയ സന്തോഷ'ത്തിന്റെ ഒരു ചെറിയ കണിക ഈ ഭൂമിയിൽ അനുഭവിച്ചതുകൊണ്ടായിരിക്കണം.

ഈ സ്വർഗ്ഗീയ സന്തോഷം കണ്ട്, അതിനായി ഒരുക്കപ്പെട്ട ഒരു കൂട്ടത്തിൽ ഈ വിശ്വാസവീരന്മാരും ഉണ്ടായിരുന്നു. അവർ ഈ സ്വർഗ്ഗീയ സത്യങ്ങളെ ഉൾക്കൊള്ളുവാൻ പ്രാപ്തരായിരുന്നു. കാരണം അവരുടെ ആ പ്രാപ്തി എന്നത് ദൈവം നൽകിയ ദാനം ആയിരുന്നു.

ഈ ഭൂമിയിൽ നല്ലതെന്നു മനുഷ്യൻ വിലയിട്ടിരിക്കുന്നതും ഭാവിക്കുന്നതുമായ സകലവും ഒരുനാൾ ഇല്ലാതെയാവും, എന്നാൽ വിശ്വസിക്കുവാൻ കഴിയുന്ന ഒന്ന് ഈ ഭൂമിയിൽനിന്നും സ്വർഗ്ഗത്തിൽ ഉറപ്പാക്കുവാൻ നമുക്കിന്നുകഴിയും. അത് ദൈവത്തോടുകൂടിയുള്ള നമ്മുടെ സ്വർഗ്ഗീയ വാസമാണ്. മറ്റൊന്നിനും പകരം വയ്ക്കുവാൻ കഴിയാത്തവണ്ണം 'ആ ജീവിതം' നമ്മുടെ മുൻപിൽ ഈ സമയവും ശോഭയോടെ പ്രകാശിക്കുന്നു.

ഈ ഭൂമിയിൽ ആയിരിക്കുന്ന നാം ഓരോരുത്തരും ചുമക്കുന്ന രണ്ടു ചുമടുകൾ ഉണ്ട്. ഒന്ന് നമ്മുടെ ശരീരമാണ്, അടുത്ത് നമ്മുടെ ദേഹിയും (ചിന്തയും വികാര വിചാരങ്ങളും). ഈ രണ്ടു ചുമടുകളും 'നാം ഒരു ആത്മജീവി'യാണെന്നുള്ള സത്യം നമ്മെ ഗ്രഹിപ്പിക്കാതെ എല്ലായ്പ്പോഴും ദേഹത്തിനായും (body) ദേഹിക്കായും (soul)നമ്മെ ചിന്തിപ്പിക്കുകയും അതുവഴി ലോകസ്നേഹത്തിലേക്കുമാത്രം നമ്മെ പ്രോത്സാഹിപ്പിച്ചു നടത്തുകയും ചെയുന്നു. എന്നാൽ നമ്മുടെ ആത്മമനുഷ്യനാകട്ടെ (spiritual man)ഏറ്റവും നല്ല സ്വർഗ്ഗീയ മർമ്മങ്ങളെ നമ്മിലേക്ക് കടത്തുവാൻ ദൈവാത്മാവിന്റെ സഹായം എപ്പോഴും തേടുകയും ചെയ്യുന്നു. ആത്മാവ് എപ്പോഴൊക്കെ നമ്മിൽ ശക്തിപ്പെടുന്നുവോ അപ്പോഴെല്ലാം നാം അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ അന്വേഷിക്കുവാനും കാംക്ഷിക്കുവാനും തുടങ്ങുന്നു.

അതിനാൽ എബ്രായർ 11 ൽ പറയുന്ന വിശ്വാസവീരന്മാർ എല്ലായ്പ്പോഴും ആത്മശക്തിയാൽ നിറഞ്ഞവരായിരുന്നു എന്നുവേണം നാം മനസ്സിലാക്കുവാൻ. അവരുടെ വിശ്വാസം തങ്ങളുടെ ആത്മതലങ്ങളിൽ വേരൂന്നിയിരുന്നു. ഇന്ന് നമുക്കുടെയുള്ളിൽ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം, ഇപ്രകാരം സൂക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ നിശ്ചയമായും നാമും വിശ്വാസവീരന്മാരുടെ പട്ടികയിൽ ചേർക്കപ്പെടും.

നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികളുടെ നടുവിലാണ് യഥാർത്ഥത്തിൽ നാം ആരാണെന്നു നമുക്കു ദൈവം ബോധ്യം തരുന്നത്. നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികൾ നമുക്കു നേരെയുള്ള കണ്ണാടികളാണ്. നമ്മുടെ എല്ലാ വശങ്ങളേയും പൂർണ്ണമായി ഉൾകൊള്ളിക്കുവാൻ മതിയായ ഒരു കണ്ണാടി. അതിൽ പ്രതിബിംബിക്കുന്നതൊക്കെയും, നമ്മെക്കുറിച്ചുള്ള സത്യവും, ദൈവത്താൽ നമ്മിൽ രൂപാന്തരപ്പെടുത്തേണ്ടുന്ന മേഖലകളുമായിരിക്കും. കാരണം നാം സന്തോഷത്തിന്റെയും സുഖത്തിന്റെയും നടുവിൽ ആയിരിക്കുമ്പോൾ ദൈവത്തോട് കാണിക്കുന്ന ബന്ധം ആയിരിക്കുകയില്ല നാം വിശ്വാസത്തിന്റെ പോരാട്ടം കഴിക്കുമ്പോഴുള്ള ബന്ധം. അതായത്, വിശ്വാസവീരന്മാർ അവരുടെ ജീവിതത്തിന്റെ എല്ലാ തുറകളിലും ദൈവത്തിൽ വിശ്വസിക്കുകയും ആ വിശ്വാസം അവരിൽ ആശ്രയമായി പരിണമിക്കുകയും ചെയ്തു.

നമ്മുടെ കൈകളിൽ ഇന്ന് ലഭ്യമായിരുന്ന smart phones നോക്കുക. അവ നമ്മുടെ കയ്യിൽ ഉണ്ടെന്നും അത് നമുക്കു സ്വന്തമാന്നെന്നും അറിയാം, എന്നാൽ അവയുടെ ഏറ്റവും ഫലപ്രദമായി നമ്മൾ 100% ഉപയോഗിക്കുന്നുണ്ടോ? ഉത്തരം : നാം അവ ദിവസവും ഉപയോഗിക്കുന്നു. നമുക്കാവശ്യമുള്ളപ്പോൾ ഉപയോഗിക്കുന്നു. എന്നാൽ ഇന്നും അവയിലൂടെയുള്ള അനന്ത സാദ്ധ്യതകൾ (നല്ല കാര്യങ്ങൾ എന്നു ചേർത്ത് ചിന്തിക്കാം) നമുക്കു അറിയില്ല. എന്നാൽ ഇന്ന് ഇതേ smart phones ഉപയോഗിക്കുന്ന യുവാക്കളെ കണക്കിലെടുത്താൽ അവർ നമ്മെക്കാൾ അധികം അവയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നവരാണ്. അതിനു കാരണം അവർ ഈ പറഞ്ഞ phone ൻറെ കാറ്റലോഗ് കാണാതെ പഠിച്ചു എന്നതുകൊണ്ടല്ല, മറിച്ചു, അവർ ആ ഫോൺ ൻറെ ലോകത്താണ് ജീവിക്കുന്നതും ചരിക്കുന്നതുമെല്ലാം. അവരുടെ സംസർഗം (COMMUNION) ഇപ്പോൾ smart phones/ gadgets നോടൊപ്പം ആയിക്കഴിഞ്ഞു. സോഷ്യൽ മീഡിയ അവരുടെ ചിന്താമണ്ഡലമായിക്കഴിഞ്ഞു. ഇപ്രകാരമൊരു ബന്ധം നമുക്കു തരുന്ന സന്ദേശം എന്താണ് ? യേശുക്രിസ്തുവുമായും ദൈവരാജ്യവുമായും വിട്ടുമാറാൻ കഴിയാത്ത ഒരു ബന്ധം ഈ ഭൂമിയിൽ ജീവിക്കുന്ന ഏതൊരു വ്യക്തിക്കും വളർത്തിയെടുക്കാം എന്നതുതന്നെ.
നമ്മുടെ കുട്ടികളാരുംതന്നേ സോഷ്യൽ മീഡിയ / ഫോൺ ഇവയോട് addicted ആവണം എന്നു ആഗ്രഹിച്ചു ഇവയുടെമേലേക്കു വന്നതല്ല, എന്നാൽ അവരുടെ സമയവും ആഗ്രഹവും ചിന്തകളും അവർ പോലും അറിയാതെ അവയിലേക്ക് ആയിത്തീരുന്നു. ഇതാണ് ലോകത്തിന്റെ COMMUNION.

സ്വർഗ്ഗത്തിലെ COMMUNION ആവട്ടെ ഏറ്റവും നല്ലതും ദൈവത്താൽ നല്കപ്പെടുന്നതും നിലനില്കുന്നതുമാണ്. അത് ഈ ഭൂമിയിൽനിന്നും ആഗ്രഹിക്കുവാൻ സാധാരണ വ്യക്തിക്ക് സാധ്യമാകുന്നില്ല. എന്നാൽ ഒരു ദൈവപൈതലിന് ഈ ഭൂമിയിൽ അത് കാണുവാനും ആ സ്വർഗീയമായതിൽ വിശ്വസിക്കുവാനും അത് പ്രാപിക്കുവാനും കഴിയും. അതേ, ദൈവമക്കൾ അസാധാരണമായ സ്വർഗ്ഗീയ വിളികൾക്കു യോഗ്യരാണ്. ആ ദൈവമക്കളാണ് ഇവിടെ ദൈവം ഒരുക്കിയിരിക്കുന്ന അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ കാംക്ഷിക്കുന്നത്.

ഈ സ്വർഗ്ഗീയ ജീവിതത്തിലേക്ക് നാം കടക്കേണ്ടുന്നത് നമ്മുടെ മരണശേഷമല്ല. അത് ദൈവത്തിലേക്ക് നാം നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കുന്ന സമയംമുതൽക്കേ ആരംഭിക്കേണ്ടുന്ന ഒന്നാണ്. ദൈവത്തോടെകൂടെയുള്ള ഈ ഭൂമിയിലെ ജീവിതം ഒരു imagination അഥവാ കല്പന ചിന്തയല്ല. മറിച്ചു, അതൊരു realization (പ്രത്യക്ഷീകരിക്കുന്ന അനുഭവം) ആണ്. ആ realization ൽ ജീവിച്ചു പ്രത്യാശയോടെ കർത്താവിലേക്കു അടുത്തവരാണ് മേല്പറഞ്ഞ വിശ്വാസവീരന്മാർ.

നമ്മുടെ ഇന്നത്തെ ആഗ്രഹം എന്താണ് ? ഏറ്റവും നല്ലതിനായുള്ള ആത്മീയജീവിതമാണോ നമ്മിൽ ഇന്നുള്ളത് ? അതോ ഭൗമീകവും ലോകാശ്രയവുംകൊണ്ടുള്ള ഒരു തൃപ്തി മാത്രമാണോ നമ്മിലുള്ളത് ? നല്ലതിനായി നാം കാംക്ഷിക്കുന്നുവെങ്കിൽ ദൈവം നമുക്കു അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ നല്കിത്തരും.

എബ്രായർ 11 ൽ നാം കാണുന്ന വ്യക്തികൾ, വ്യത്യസ്ത അവസ്ഥകളിലൂടെ ദൈവയിഷ്ടത്തിനായി പോരാടുകയും ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടു ദിനംപ്രതി ദൈവത്തിൽ വളരുകയും ചെയ്തു. പരീക്ഷകളിലേപ്പോലെ 'എല്ലാവർക്കും ഒരേ ചോദ്യപേപ്പർ' എന്ന രീതി ആയിരുന്നില്ല ദൈവം അവർക്കുനൽകിയത്. എന്നാൽ എല്ലാവർക്കും ഒരേ ക്ലാസ് മുറി (class rooms) ദൈവം ഒരുക്കി. അവരിൽ ആരും സാത്താന്റെയും തന്ത്രങ്ങളുടെയുംമുൻപിൽ വീണുപോകാത്തവണ്ണം കരുത്തും ദൈവം നൽകി. ആകയാൽ, ദൈവത്തിനായി ഒരുങ്ങുന്നവർ ദൈവത്തിനായി പരിശീലിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. എല്ലാരും ഒരേനിലകളിൽ ആകണമെന്നില്ല അവരുടെ പരീക്ഷകളിൽ എന്നാൽ പരിശീലനം നൽകുന്ന ദൈവം സകലത്തെയും ജയിക്കാൻ കൃപ നൽകും.

ഈ സ്വർഗ്ഗീയ class rooms എന്നത് ദൈവത്തെ പൂർണ്ണമായും അറിയുക അഥവാ അനുഭവിക്കുക എന്നതായിരുന്നു. ഇന്നും നമുക്ക് ദൈവാത്മാവ് നമ്മെ അവനിലേക്ക് അടുപ്പിച്ചുകൊണ്ടു 'ദൈവത്തെ അനുഭവിക്കുക' എന്ന class rooms ൽ പരിശീലിപ്പിക്കുന്നു. ദുഷ്ടനോടു പോരാടേണ്ടുന്നതിനു നമ്മെ സജ്ജരാക്കുകയും നാം ദൈവത്തിനായി കരുത്തുപ്രാപിച്ചു സ്വർഗ്ഗീമായതിനായി കാംക്ഷിക്കുകയും ചെയ്യേണ്ടുന്നതുമാകുന്നു.

ഈ പുതുവർഷം നമുക്കു എന്തെല്ലാം എത്തിപ്പിടിക്കാം എന്നതിലുപരി, എപ്രകാരമെല്ലാം ദൈവകരങ്ങളിലേക്കു നമ്മെത്തന്നെ സമർപ്പിച്ചുകൊടുക്കാം എന്ന് ചിന്തിക്കാം.

ഓർക്കുക, അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ കാംക്ഷിച്ചിരുന്ന കുറച്ചുപേർ ഈ ഭൂമിയിൽ ജീവിച്ചിരുന്നു. അവരെ ദൈവം ഓർത്തുവെങ്കിൽ നമ്മെയും അവൻ ഓർക്കും. പുതുവർഷം അത്തരം സ്വർഗ്ഗീയ കാംക്ഷകളിൽ നാം മുഴുകേണ്ടതിനായി ദൈവാത്മാവിൻറെ കൈകളിലേക്കു നമ്മെത്തന്നെ സമർപ്പിക്കാം .

ദൈവം എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

-ജിബി തോമസ്

"അനുസരണം എന്ന യാഗം "

തിരുവചന ചിന്തകൾ

ദൈവത്തെ അനുസരിക്കുന്നത് ഏറ്റവും വലിയ ഒരു യാഗമാണ്. നമുക്കു മറ്റുള്ളവരെ കാര്യങ്ങൾ പറഞ്ഞു അനുസരിപ്പിക്കാൻ വളരെ എളുപ്പമാണ് എന്നാൽ സ്വയം അനുസരിക്കണമെങ്കിൽ അവിടെ വലിയ വില നാം കൊടുക്കേണ്ടിവരും. "ഞാൻ യേശുവിനെക്കുറിച്ചു പാടി, പ്രസംഗിച്ചു" എന്നു പറഞ്ഞു മഹത്വം എടുക്കുമ്പോഴും, കർത്താവു നമ്മോടു ചോദിക്കുന്ന ഒരുകാര്യം - "ഞാൻ പാടിയതും പ്രസംഗിച്ചതുമായ ദൈവശബ്ദത്തെ എത്രമാത്രം ഞാൻ അനുസരിക്കുന്നു". കർത്താവിനു വിലയേറിയവരായി നാം മാറണമെങ്കിൽ ദൈവശബ്ദത്തെ അനുസരിക്കുന്നവരായി നാം മാറണം (മാറ്റത്തിനായി ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കണം).

1 **ശമൂവേൽ** 15

3. **ആകയാൽ നീ ചെന്നു അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക; അവരോടു കനിവു തോന്നരുതു; പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും കാള, ആടു, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചുകളക.**

9. **എന്നാൽ ശൌലും ജനവും ആഗാഗിനെയും ആടു, മാടു, തടിച്ചമൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു; ഹീനവും നിസ്സാരവുമായവയെ ഒക്കെയും അവർ നിർമ്മൂലമാക്കിക്കളഞ്ഞു.**

13. **പിന്നെ ശമൂവേൽ ശൌലിന്റെ അടുക്കൽ എത്തിയപ്പോൾ ശൌൽ അവനോടു: യഹോവയാൽ നീ അനുഗ്രഹിക്കപ്പെട്ടവൻ; ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു.**

ഇവിടെ, ശമുവേൽ മുഖേന ദൈവം ശൗലിനോട് അരുളിച്ചെയ്തു : "നീ അമാലേക്യരെ തോൽപ്പിച്ച് അവരെയെല്ലാം സംഹരിച്ചുകളയേണം". ശൗൽ എല്ലാം കേട്ടു തലയാട്ടി യുദ്ധത്തിനുപോയി. എന്നാൽ അമാലേക്യരുടെ

രാജാവിനെയും,മേത്തരമായ ആടുമാടുകളെയും അവൻ ജീവനോടെ കൊണ്ടുവന്നു. ഇവിടെ എന്താണ് സംഭവിച്ചത് ?

1. ശൗൽ ദൈവത്തോടു അനുസരണക്കേടു കാണിക്കുമ്പോഴും താൻ ചെയ്ത ലംഘനം എന്തെന്നു ശൗൽ അറിയുന്നില്ല അല്ലെങ്കിൽ അതു ഗ്രഹിക്കാൻ താൻ തയ്യാറാവുന്നില്ല.

2. ദൈവശബ്ദത്തെ ശൗൽ ഗൗരവമായി എടുക്കുന്നില്ല.

നമ്മുടെ ജീവിതത്തിൽ കർത്താവുമായിട്ടു ഒരു ആഴമേറിയ ബന്ധമില്ലെങ്കിൽ കർത്താവിന്റെ ശബ്ദത്തെ നാം നിസ്സാരമായി തള്ളിക്കളയും.ശൗലിനെ നാം പുറമെ നോക്കിയാൽ "ദൈവശബ്ദത്തിനായി കാതോർക്കുന്ന, പ്രാർത്ഥിക്കുന്ന,പ്രവചനശബ്ദം പറയുന്ന ഒരു വ്യക്തി. "പുറമെ ഒരു കുറവും പറയാനില്ല.എന്നാൽ താനും ദൈവവുമായുള്ള വ്യക്തി ബന്ധം എത്രമാത്രം ഉണ്ടായിരുന്നുവെന്ന് ശൗലിനെകുറിച്ച് പറഞ്ഞിരിക്കുന്ന വചനങ്ങൾ വായിക്കുമ്പോൾ മനസിലാക്കാവുന്നതാണ്. ഈ ഭൂമിയിൽ നാം ജീവിക്കുമ്പോൾ പുറംമോടിയായ പ്രാർത്ഥനകളും, പ്രസംഗങ്ങളും എല്ലാം നമുക്കു ചെയ്യാൻ കഴിയും, പക്ഷെ ദൈവം നമുക്കു വച്ചിരുന്ന സ്വർഗ്ഗീയപദവിയിലാണോ നാം ഇപ്പോഴും (എപ്പോഴും) നിൽക്കുന്നതെന്ന് നാം ദൈവത്തോടു ആരായുന്നവരായി മാറണം. അതിനു നാം കർത്താവുമായുള്ള ബന്ധത്തിൽ വർധിച്ചുവരണം.

1 **ശമൂവേൽ** 15 : 24.
ശൌൽ ശമൂവേലിനോടു: ഞാൻ ജനത്തെ ഭയപ്പെട്ടു അവരുടെ വാക്കു അനുസരിച്ചതിനാൽ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ചു പാപം ചെയ്തിരിക്കുന്നു.

ദൈവശബ്ദത്തെക്കാളുപരി ജനത്തിന്റെ ശബ്ദം ശൗൽ കേട്ടുതുടങ്ങിയപ്പോൾ ദൈവത്തോടുള്ള അനുസരണം അവനു നഷ്ടപ്പെട്ടു. ഒരു ദൈവപൈതലിന്റെ മുൻപിൽ കേൾക്കുന്ന ശബ്ദങ്ങളെ തിരിച്ചറിയേണ്ടത് വളരെ അത്യാവശ്യമാണ്. ജനത്തെ പ്രസാദിപ്പിക്കാൻ നോക്കിയ ശൗലിനു നഷ്ടപെട്ടത് ദൈവംവച്ച പദവി.

മനുഷ്യർ തള്ളിയാലും ദൈവശബ്ദംകേട്ടനുസരിച്ചു മുൻപോട്ടു പോവുന്ന ഏതൊരു വ്യക്തിയുടെയുംകൂടെ ദൈവം ഒപ്പമുണ്ടാകും. ഈ കൂട്ടുകാരന്റെ വിലയറിഞ്ഞ ഭക്തൻ പാടി

‘എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയിലൊന്നും
യേശു മാത്രം സമ്പത്താകുന്നു’

ദൈവശബ്ദത്തെ അനുസരിക്കാൻ കഴിയാതെപോയ ശൗലിനു രാജപദവി നഷ്ടപ്പെട്ടു. രാജകീയപുരോഹിതവർഗമായി പിതാവായ ദൈവം നമ്മെ കണ്ടിരിക്കുമ്പോൾ നാം അനുസരണമുള്ള മക്കളായി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

അനുസരണക്കേടു കാണിച്ച ശൗലിനോട് ശമുവേൽ പറഞ്ഞതു:

1 **ശമൂവേൽ** 15 : 22.
ശമൂവേൽ പറഞ്ഞതു: യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു.

നാം അനുസരിച്ചുതുടങ്ങുമ്പോൾ കർത്താവു നമ്മിലൂടെ വലിയ സ്വപ്നങ്ങളെ കണ്ടുതുടങ്ങും. ഈ പുതുവർഷം ഏവർക്കും അനുസരണയുടെയും അനുഗ്രഹത്തിന്റെയും വർഷമായി മാറട്ടെ എന്നു പ്രാർത്ഥിക്കുന്നു.

-ഷെറിൻ ജിബി

തന്നാലും നാഥാ ആത്മാവിനെ

(പാട്ടും അനുദിന ചിന്തയും)

തന്നാലും നാഥാ ആത്മാവിനെ ആശ്വാസ ദായകനേ
തന്നാലും നാഥാ നിൻ ജീവനേ നിത്യ സഹായകനേ (2)
തന്നാലും നാഥാ ...
അകതാരിലുണർവ്വിന്റെ പനിനീരു തൂകി നീ അവിരാമമൊഴുകി വരൂ
വരദാന വാരിധേ ഫലമേകുവാനായ് അനസ്യൂതമൊഴുകി വരൂ (2)
തന്നാലും നാഥാ ...
പാപവും പുണ്യവും വേർതിരിച്ചേകുന്ന ജ്ഞാനമായൊഴുകി വരൂ
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന സ്നേഹമായൊഴുകി വരൂ (2)
തന്നാലും നാഥാ ...

വളരെ ലളിതമായി പരിശുദ്ധാത്മാവിനെ ജനത്തിനു പരിചയപ്പെടുത്തുന്ന ഈ ഗാനം ക്രിസ്തീയ ഗാനശാഖയ്ക്കു എക്കാലവും അനുഗ്രഹമാണ്. ഒരു മനുഷ്യനിൽ ദൈവാത്മാവിനു എന്തെല്ലാം ചെയ്യുവാൻ കഴിയും എന്നതിനെക്കുറിച്ചു വളരെ ലളിതമായി അവതരിപ്പിക്കുന്ന ഈ ഗാനം, ഒരുകാലത്തു കൂടുതലായും കേട്ടുവന്നിരുന്നത് കത്തോലിക്കാ ആരാധനാലയങ്ങളിലായിരുന്നുവെങ്കിൽ ഇന്നു ഇതര സഭകൾ ഈ ഗാനത്തിന്റെ അർത്ഥതലങ്ങൾ തിരിച്ചറിയുകയും ദൈവാത്മാവിനെ ഈ ഗാനത്തിലൂടെ അനുഭവിക്കുകയും ചെയ്യുന്നു. ഇപ്രകാരം ദൈവസഭകൾ നല്ലതു സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുന്നത് എക്കാലത്തും ശ്ലാഘനീയമാണ്.

തന്നാലും നാഥാ ആത്മാവിനെ ആശ്വാസ ദായകനേ
തന്നാലും നാഥാ നിൻ ജീവനേ നിത്യ സഹായകനേ

യോവേൽ പ്രവചനത്തിലെ (യോവേൽ 2: 28-29), വാഗ്ദത്തമായ പരിശുദ്ധാത്മാവിനെക്കുറിച്ചു പുതിയനിയമവ്യവസ്ഥയിൽ (ലൂക്കോസ് 11 : 13)നിന്നുകൊണ്ട് ദൈവത്തിന്റെ പൈതൽ ദൈവസന്നിധിയിൽ ചോദിക്കുന്ന ചോദ്യമാണ് അഥവാ യാചനാ മനോഭാവത്തോടെയുള്ള പ്രാർത്ഥനയാണ് ഈ ഗാനത്തിന്റെ ആദ്യ വരികൾ.

ലൂക്കോസ് 11 : 9 - 13

9 **യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.**
10 **യാചിക്കുന്നവന്നു ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും" എന്നു ഞാൻ നിങ്ങളോടു പറയുന്നു.**
11 **എന്നാൽ നിങ്ങളിൽ ഒരു അപ്പനോടു മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുമോ? അല്ല, മീൻ ചോദിച്ചാൽ മീനിന്നു പകരം പാമ്പിനെ കൊടുക്കുമോ?**
12 **മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?**
13 **അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.**

അങ്ങനെ നല്ല ദാനമെന്നു ദൈവംതന്നേ പറഞ്ഞിരിക്കുന്ന സ്വർഗ്ഗീയ ദാനമാണ് പരിശുദ്ധാത്മാവ്. പിതാവാം ദൈവം, ലോകത്തിനു തന്റെ സ്നേഹത്താൽ നല്കിയ യേശുക്രിസ്തു എന്ന രക്ഷകനിലൂടെയുള്ള ദൈവീകപദ്ധതിയുടെ തുടർച്ച, ഭൂമിയിൽ ഒരുനാളും മാനുഷികമാവാതിരിക്കുവാൻവേണ്ടിയാണ് ദൈവം തന്റെ ആത്മാവിനെ (പരിശുദ്ധാത്മാവിനെ) തന്റെ മക്കളുടെമേൽ അയക്കുവാൻ നിർണ്ണയിച്ചതും അയച്ചതും. ഈ സ്വർഗ്ഗീയ നിർണ്ണയം എത്രത്തോളം വിലയേറിയതെന്നു തിരിച്ചറിയുന്നവർ തുലോം കുറവാണെകിലും അത് പ്രാപിച്ചു മുന്നേറുന്നവർ സ്വർഗ്ഗീയ കരുത്തിന്റെ ഉടമകളാണെന്നു പറയാതെവയ്യ.

ആത്മാവിൽ കരുത്തരായിത്തീർന്നവരുടെ ഭൂമിയിലെ ജീവിതം ഈ ഭൂതലത്തിനു പ്രകാശവും ഉപ്പുമാണ്. കാരണം അവരുടെ ഉള്ളിലെ നിധി പരിശുദ്ധാത്മാവാണ്.

ഇപ്രകാരം സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് നൽകുവാൻ കഴിയുന്ന എല്ലാ നല്ല ദാനങ്ങളുടെയും പട്ടികയിലെ അതിശ്രേഷ്ഠമായ ഈ ദാനം ദൈവപൈതൽ ഈ വരികളിൽ ദൈവത്തോട് ചോദിക്കുന്നു

ആദ്യവരികളിൽ കാണുന്ന - ആശ്വാസ ദായകൻ, ദൈവത്തിന്റെ ജീവൻ, നിത്യ സഹായകൻ എന്ന പ്രയോഗങ്ങൾ കേവലം ഭംഗിവാക്കുകളോ ആലങ്കാരിക പ്രയോഗങ്ങളോ അല്ല. അവ വർണ്ണനകളെക്കാളപ്പുറമായ സത്യത്തെ വിളിച്ചോതുന്ന ജീവനുള്ള വരികൾ തന്നേയാണ്. ദൈവ വചനത്തോട് അല്പം പോലും മായം ചേർക്കാതെ, ദൈവാത്മാവിനെ ഇപ്രകാരം വരച്ചുകാട്ടുന്ന ഈ വരികളിൽതന്നയാണ് ഈ ഗാനത്തിന്റെ ജീവൻ അന്തർലീനമായിരിക്കുന്നത്.

ഈ ഗാനം അർത്ഥത്തോടുകൂടി പാടുമ്പോൾ, ആരാണ് ദൈവാത്മാവെന്നുള്ള ചോദ്യത്തിനു ഉത്തരമായി. ദൈവത്തോട് ചോദിക്കുന്ന ഈ ദാനത്തെ നാം എപ്രകാരം മനസ്സിലാക്കിയിരിക്കുന്നു എന്നതിനുള്ള ഉത്തരവും ഈ വരികൾ നമുക്കു നല്കുന്നു.

അകതാരിലുണർവ്വിന്റെ പനിനീരു തൂകി നീ അവിരാമമൊഴുകി വരൂ
വരദാന വാരിധേ ഫലമേകുവാനായ് അനസ്യൂതമൊഴുകി വരൂ

നിലയ്ക്കാത്ത ഒരു പ്രവാഹമായും ഉണർവിന്റെ പനിനീരായും എന്നിലേക്ക് ഒഴുകിവരണമേയെന്നുള്ള പ്രാർത്ഥനയാണ് ഈ വരികളിൽ നാം ദൈവത്തോടു ചോദിക്കുന്നത്. ഒരുവനിലേക്കുള്ള ദൈവാത്മാവിന്റെ വരവും നിറവും ഒരുനാളും നിലയ്ക്കുവാൻ പാടുള്ളതല്ല. ആ ആത്മീയ ഒഴുക്കിനും സന്തോഷത്തിനും വിരാമം കുറിയ്ക്കുവാൻ ആർക്കും കഴിയുന്നതല്ല. ആ ഒഴുക്കാണ് നമ്മിൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നത്.

ഗലാത്യർ *5 : 22 -23*
*22***ആത്മാവിന്റെ ഫലമോ**: **സ്നേഹം**, **സന്തോഷം**, **സമാധാനം**, **ദീർഘക്ഷമ**, **ദയ**, **പരോപകാരം**, **വിശ്വസ്തത**, **സൌമ്യത**,
23 **ഇന്ദ്രിയജയം**; **ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല**.

യാക്കോബ് 1:5-6
5 **നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും.**
6 **എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം: സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരെക്കു സമൻ.**

യോഹന്നാൻ 16:7-8
7 **എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും.**
8 **അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും.**

പാപവും പുണ്യവും വേർതിരിച്ചേകുന്ന ജ്ഞാനമായൊഴുകി വരൂ
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന സ്നേഹമായൊഴുകി വരൂ

മേല്പറഞ്ഞ രണ്ടു വാക്യങ്ങളുടെയും സംഗീതരൂപമാണ് ഈ വരികൾ. തൊട്ടടുത്ത വരികളാകട്ടെ ദൈവാത്മാവിന്റെ ഫലങ്ങളെക്കുറിച്ചുള്ള സൂചനയും അതിലൂടെയുള്ള യാചനയുമാണ്. യഥാർത്ഥ ആത്മീയ സന്തോഷം ഉൾക്കൊണ്ടിരിക്കുന്നത്, ദൈവാത്മാവിലുള്ള ആത്മീയ ജീവിതത്തിൽ മാത്രമാണ്. അതാകട്ടെ ദൈവീകസ്നേഹത്തിന്റെ പ്രത്യക്ഷതയുമാണ്.

എത്രയോ അർത്ഥസമ്പുഷ്ടമായ വരികളാണ് ഈ ഗാനത്തിലുള്ളത്. ദൈവാത്മപ്രചോദിതമായി എഴുതപ്പെട്ടവയെന്നു നിസംശയം ഗ്രഹിക്കുവാൻ കഴിയുന്ന ഈ ഗാനം രചിച്ച വ്യക്തിയോടുള്ള നന്ദി ദൈവനാമത്തിൽ രേഖപ്പെടുത്തുന്നു. ഈ ഗാനം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽനിന്ന് മാറ്റിനിറുത്തേണ്ടുന്നവയാണെന്നു തോന്നുന്നില്ല, അർത്ഥമറിഞ്ഞു പാടുമ്പോൾ ആത്മീയ ചിന്തകൾ നമ്മെ ഭരിക്കുവാൻ ഇടയാകും എന്നു കർത്താവിൽ വിശ്വസിക്കുന്നു.

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.

WHETHER LIFE GRINDS A MAN DOWN OR POLISHES HIM DEPENDS ON WHAT HE'S MADE OF.

- **KATHRYN KUHLMAN**

ANY MAN THAT IS SAVED AND SANCTIFIED CAN FEEL THE FIRE BURNING IN HIS HEART, WHEN HE CALLS ON THE NAME OF JESUS.

- **WILLIAM J SEYMOUR**



THERE CAN BE NO HIGHER ENJOYMENT FOUND IN THIS WORLD THAT IS FOUND IN PULLING SOULS OUT OF THE FIRE AND BRINGING THEM TO CHRIST.

- **CHARLES FINNEY**

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL